പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം: *401

28.06..2012 -ൽ
മറുപടിയ്ക്ക്

## സ്വാശ്രയ കോളേജുകളിലെ അനധികൃത പ്രവേശനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.സുധാകരൻ<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. ബി. സത്യൻ | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| ചോദ്യം | ഉത്തരം |
|---|---|
| (എ) കേരള സർവ്വകലാശാലയുടെ പരിധിയിൽ വരുന്ന സ്വാശ്രയ കോളേജുകളിൽ വിദ്യാർത്ഥികൾക്ക് അനധികൃത പ്രവേശനം നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ എത്ര കോളേജുകളിൽ ഇത്തരത്തിൽ പ്രവേശനം നൽകിയിട്ടുണ്ടെന്നും ഏതെല്ലാം കോഴ്സുകൾക്കാണ് പ്രവേശനം നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ; പ്രസ്തുത അനധികൃത പ്രവേശനം കണ്ടെത്താനുള്ള സംവിധാനം എന്താണ്; | (ബി) ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻസ് ബ്രാഞ്ചിലും ബി.ടെക് ലാറ്ററൽ എൻട്രി സ്കീമിലും മൂന്ന് കോളേജുകളിൽ വിദ്യാർത്ഥികൾക്ക് അനധികൃത പ്രവേശനം നൽകിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനു പുറമെ കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (കേപ്പ്) കീഴിലുള്ള പുന്നപ്ര എഞ്ചിനീയറിംഗ് കോളേജിൽ ബി.ടെക് ഇലക്ട്രോണിക്സ് ആന്റ് ഇലക്ട്രിക്കൽ വിഭാഗത്തിൽ ഒന്നും, ഇൻഫർമേഷൻ ടെക്നോളജി വിഭാഗത്തിൽ നാലും മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നാലും വിദ്യാർത്ഥികൾക്ക് അനധികൃതമായി പ്രവേശനം നൽകിയിട്ടുണ്ടെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർവ്വകലാശാലയിൽ വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ സമയത്ത് അവരുടെ യോഗ്യത കൃത്യമായി പരിശോധിക്കുന്നതിനുള്ള സംവിധാനമുണ്ട്. ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ അഡ്മിഷനുകൾ സർവ്വകലാശാലകൾ നേരിട്ട് കേന്ദ്രീകൃത അലോട്ട്മെന്റുവഴിയാണ് നടത്തുന്നത്. |

(സി)

(സി) അനധികൃത പ്രവേശനം നൽകിയ സ്വാശ്രയ കോളേജുകളുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

യോഗ്യത നേടാത്ത ഒരു വിദ്യാർത്ഥിനിയ്ക്ക് പ്രവേശനം നൽകിയ തിരുവനന്തപുരം ഹീര കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി- യിലെ അഡ്മിഷന്റെ ചുമതല വഹിച്ചിരുന്ന പ്രിൻസിപ്പാളിനെ ഒരു വർഷത്തേയ്ക്ക് അഡ്മിഷൻ നടപടികളിൽ നിന്നും മാറ്റി നിർത്താനും പ്രസ്തുത കോളേജിന്റെ മാനേജ്മെന്റിനെ മൂന്ന് ലക്ഷം രൂപ പിഴ ചുമത്താനും സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ പുന്നപ്ര, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ്, എന്ന സ്ഥാപനം അഡ്മിഷനിൽ വീഴ്ച വരുത്തിയത് സംബന്ധിച്ച് പ്രിൻസിപ്പാളിൽ നിന്നും മാനേജ്മെന്റിൽ നിന്നും വിശദീകരണം തേടാനും തീരുമാനിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ കരകുളം, പി.എ. അസീസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് അനധികൃതമായി വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചതിനാൽ സർവ്വകലാശാല സിൻഡിക്കേറ്റ് 2012-13 വർഷത്തേയ്ക്ക് പ്രസ്തുത സ്ഥാപനത്തിന്റെ അഫിലിയേഷൻ പിൻവലിക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ചാൻസിലറുടെ ഉത്തരവിൻ പ്രകാരം പ്രസ്തുത നടപടി സ്റ്റേ ചെയ്യുകയുണ്ടായി. കേപ്പിന്റെ കീഴിലുള്ള പെരുമൺ, പത്തനാപുരം, പുന്നപ്ര, തലശ്ശേരി, വടകര, തൃക്കരിപ്പൂർ, കിടങ്ങൂർ എന്നീ കോളേജുകളിൽ അനധികൃതമായി പ്രവേശനം നൽകിയ 56 വിദ്യാർത്ഥികളുടെ അഡ്മിഷൻ റദ്ദ് ചെയ്ത് സർക്കാർ ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**